ഉപയോഗിച്ചു വരുന്നത്. നാളികേരത്തിന്റെ വിലത്തകർച്ച കാരണം ഉദ്ദേശം 2958 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടതായിട്ടാണ് കണക്കാക്കുന്നത്. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ചുങ്കം ഗാട്ട് കരാറിലോ വേൾഡ് ഓർഗനൈസേഷനുമായി ഉണ്ടായിട്ടുള്ള കരാറിനകത്തു നിന്നുകൊണ്ടോ പരമാവധി 300 ശതമാനമായി ഉയർത്താൻ കേന്ദ്ര ഗവൺമെന്റിനു അധികാരമുണ്ട്. അത് 300 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് പല പ്രാവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. നമ്മുടെ എം. പി. മാർ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം 300 ശതമാനമായി ഉയർത്തുന്നതിന് സമ്മർദ്ദം ചെലുത്തുകയുണ്ടായി. ഇതുവരെ കേന്ദ്ര ഗവൺമെന്റ് അതിന് തയ്യാറായിട്ടില്ല എന്നുള്ളതാണ് നാളികേര കൃഷിക്കാർ ഇന്ന് അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക് പ്രധാന കാരണം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയവും അതിനെ തുടർന്നുള്ള ഇറക്കുമതി നയവും മൂലം ഉണ്ടാകുന്ന ഈ സ്ഥിതിവിശേഷങ്ങൾ സംസ്ഥാന ഗവൺമെന്റിന് പരിഹരിക്കാൻ സാദ്ധ്യമല്ലായെന്നുള്ളത് എല്ലാപേർക്കും അറിയാം. എന്നാൽ സംസ്ഥാന ഗവൺമെന്റ് പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നുമുണ്ട്.

(7) ദേവികുളം മണ്ഡലത്തിലെ ചില സമുദായത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എ. കെ. മണി : സർ, ദേവികുളം നിയോജകമണ്ഡലത്തിൽപ്പെട്ട വട്ടവട, മറയൂർ, കാന്തല്ലൂർ എന്നീ മേഖലകളിൽ താമസിച്ചുവരുന്ന മലയർ സമുദായത്തിൽപ്പെട്ട ആളുകൾക്ക് കാലങ്ങളായി ട്രൈബൽ ആനുകൂല്യങ്ങൾ വാങ്ങിവരികയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കുകയും ആ സമുദായത്തിൽപ്പെട്ടവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കുകയും ചെയ്യുകയാണ്. ഏതെങ്കിലും ഒരു ജാതിയുടെ പേര് പറയണ്ടേ ? ഈ രാജ്യത്ത് എല്ലാ സമൂഹത്തിനും ജാതിയുണ്ട്. പട്ടിക്കുഞ്ഞുങ്ങൾക്കുപോലും ജാതിയുണ്ട്. അൾസേഷ്യൻ, കൊമ്പേറി എന്നൊക്കെ പട്ടിക്കുഞ്ഞുങ്ങൾക്ക് ജാതിയുണ്ട്. ഈ സമുദായത്തിൽപ്പെട്ട ആളുകൾക്ക് ഇതുവരെ ജാതി സർട്ടിഫിക്കറ്റ് നൽകാൻ തയ്യാറായിട്ടില്ല. അതു കൊണ്ടുതന്നെ ഈ സമുദായത്തിൽപ്പെട്ട കുട്ടികളെ സ്കൂളിൽ ചേർക്കുന്ന കാര്യത്തിലും അവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ വാങ്ങിക്കുന്ന കാര്യത്തിലും വളരെയധികം ബുദ്ധിമുട്ടുകയാണ്. ദേവികുളം, ഉടുമ്പൻചോല, പീരുമേട് എന്നീ താലൂക്കുകളിലുള്ള മലയൻ കമ്മ്യൂണിറ്റിയിൽപ്പെട്ടവർ ഈ മേഖലയിൽ കുടിയേറിയിട്ട് 200 വർഷത്തോളം ആയതാണ്. അവർ ആ മേഖലയിൽത്തന്നെയാണ് താമസം. ആ ജാതിയിൽപെടുന്ന ആളുകൾക്ക് തമിഴ്നാട്ടിൽ പല ആനുകൂല്യങ്ങളും കിട്ടികൊണ്ടിരിക്കുകയാണ്. ആ ആനുകൂല്യങ്ങൾ കേരളത്തിലും കിട്ടണമെന്നുള്ളതാണ് എന്റെ ആവശ്യം. ഈ രണ്ട് സമുദായത്തിൽപ്പെട്ട ആളുകൾക്കും ജാതി സർട്ടിഫിക്കറ്റ് കൊടുക്കുകയും ഗവൺമെന്റിൽ നിന്ന് കിട്ടാനുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ദേവികുളം താലൂക്കിൽ മേൽപ്പറഞ്ഞ മലവേടൻ, മലയൻ, മലയപണ്ടാരം എന്നീ വിഭാഗക്കാരെ പട്ടികവർഗ ലിസ്റ്റിൽ ഉൾപ്പെടുത്താത്ത ആളുകളാണെന്ന് കിർത്താഡ്സ് ഡയറക്ടർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 1-4-1987-ലാണ് ഈ ജാതികൾ ദേവികുളം താലൂക്കിൽ നിലവിലില്ലായെന്ന് സർക്കാർ നിർദ്ദേശം നൽകിയത്. പ്രസ്തുത സർക്കാർ നിർദ്ദേശത്തിനെതിരെ മലയൻ സേവാസംഘം ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ വിഷയത്തിൽ വ്യക്തമായ അന്വേഷണം നടത്താൻ നിർദ്ദേശിച്ചു. 1-4-1987 മുതൽ ഹൈക്കോടതിയുടെ നിർദ്ദേശം വന്ന 1992 വരെ മേൽപ്പറഞ്ഞ ജാതികൾക്ക് ജാതിസർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. 1992 മുതൽ വീണ്ടും ജാതി സർട്ടിഫിക്കറ്റ് നൽകാൻ തീരുമാനിച്ചു. ഏകദേശം മുന്നൂറോളം സർട്ടിഫിക്കറ്റുകൾ ഇതിനകം നൽകിയിട്ടുണ്ട്. എന്നാൽ റവന്യൂ അധികൃതരെ തെറ്റിദ്ധരിപ്പിച്ചാണ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നതെന്ന് ആരോപണം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ 3-8-1993-ൽ ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഗവൺമെന്റ് ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ, ഇടുക്കി ഡയറക്ടർ, എസ്. ടി. ഡയറക്ടർ, കിർത്താഡ്സ് ഡെപ്യൂട്ടി ഡയറക്ടർ, നരവംശശാസ്ത്രം എന്നിവരെ അംഗങ്ങളാക്കി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. ആ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് 4-12-2000-ത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാർ ആ റിപ്പോർട്ട് വിശദമായി പരിശോധിച്ചുവരികയാണ്. വെള്ളാള സമുദായത്തിൽ പെട്ടവരാണ് ഭൂരിഭാഗം ആളുകളും എന്നാണ് പറയുന്നത്. അതുകൊണ്ടാണ് സർട്ടിഫിക്കറ്റ് കൊടുക്കാൻ ഇപ്പോൾ തടസമായി നിൽക്കുന്നത്. അത് വിദഗ്ദ്ധമായി പരിശോധിച്ചുവരികയാണ്. അതിനുശേഷം സർട്ടിഫിക്കറ്റ് കൊടുക്കും. മറവൻ സമുദായത്തിന് ഒ. ബി. സി.യിൽപ്പെട്ട സർട്ടിഫിക്കറ്റാണ് ഇപ്പോൾ കൊടുക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഈ സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കുന്നത് എന്നുള്ളത് ശരിയല്ല. ഈ സർട്ടിഫിക്കറ്റ് 1987 മുതൽ കൊടുക്കുന്നില്ല.

(8) കാഷ്വൽ സ്വീപ്പർമാരുടെ സെക്രട്ടേറിയറ്റിനു മുന്നിലെ ഉപവാസം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളത്തിലെ വിവിധ സർക്കാർ ഓഫീസുകളിൽ ദീർഘകാലമായി കാഷ്വൽ സ്വീപ്പർമാരായി ജോലിചെയ്യുന്ന മൂവായിരത്തോളം ജീവനക്കാർ നിലവിലുണ്ട്. പത്തും പതിനഞ്ചും വർഷമായി ജോലിചെയ്തുവരുന്ന ഇവരുടെ വേതനം പ്രതിമാസം 110 രൂപയായിരുന്നത് 600 രൂപയായി വർദ്ധിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. മേലുദ്യോഗസ്ഥന്മാർ ഇവരെ ഇഷ്ടാനുസരണം പിരിച്ചുവിടുന്ന നടപടി അവസാനിപ്പിക്കണമെന്നും റവന്യൂ, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ പല വകുപ്പുകളിലും ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ദീർഘകാലമായി തുച്ഛമായ വേതനത്തിന് ജോലി ചെയ്തുകൊണ്ടിരിക്കുന്ന കാഷ്വൽ സ്വീപ്പർമാരെ പാർട്ട്ടൈം ജീവനക്കാരായി മാറ്റാൻ സർക്കാർ തയ്യാറായിട്ടില്ല. 100 സ്കയർ മീറ്ററിൽ കൂടുതൽ ചുറ്റളവുള്ള സ്ഥലം തൂത്തുവാരുന്നതിന് 16 ഓഫീസുകളിൽ ജോലി ചെയ്തു വന്നിരുന്ന കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം ജീവനക്കാരാക്കികൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly